സത്യം വദ
ധർമ്മം ചര

# KVMS

## KERALA VELLALA MAHA SABHA

(Incorporated under Section 28 of Travancore Companies Act Reg. No. 1/1959)

**Head Office** : 11/303, Thottamon, P.B. No. 9, Ranni Post,
Pathanamthitta, Kerala - 689 672. Phone : 0473-5227571

**Regional Office** : 1st Floor, Jayabharatham Buildings,
Opp. Secretariate, Statue, Trivandrum - 695 001

www.kvms.info.com
e-mail : generalsecretarykvms@gmail.com

## കേരള വെള്ളാള മഹാസഭ

## വാർഷിക പൊതുയോഗവും, പ്രതിനിധി സമ്മേളനവും
## 01-04-2015 മുതൽ 31-3-2017 വരെയുള്ള
## പ്രവർത്തന റിപ്പോർട്ട്, വരവ്-ചെലവ് കണക്ക്,
## ബാക്കിപത്രം, ബൈല ഭേദഗതി

(26-06-2017, 12-11-2017 എന്നീ തീയതികളിലെ
ബോർഡുയോഗ തീരുമാനങ്ങൾക്ക് വിധേയമായി)

തീയതിയും സമയവും സ്ഥലവും

**10-12-2017 രാവിലെ 8.30 മുതൽ**
**കൊല്ലം പുനലൂർ സ്വയംവര ആഡിറ്റോറിയം**

മാന്യസമുദായ അംഗങ്ങളെ,

വെള്ളാള സമുദായത്തിലെ നാനാവിഭാഗങ്ങളിലെ അംഗങ്ങളുടെ ചരിത്രപരവും സാംസ്കാരികവുമായ ചിത്രം പ്രതിഫലിപ്പിച്ച് സമുദായത്തെയും അതിന്റെ പ്രവർത്തകരെയും ഇന്നലട്ടുന്ന അനവധി പ്രശ്നങ്ങളിലേയ്ക്ക് വെളിച്ചം വീശി സംഘടനാപരമായും അല്ലാതെയും അത്തരം പോരായ്മകൾ ജനശ്രദ്ധയ്ക്ക് വിഷയമാക്കുക വഴി സമുദായിക ലോകത്തിന് അവഗണിക്കപ്പെടാനാവാത്ത ശക്തിയായി വെള്ളാള സമുദായത്തെ മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ പുതിയ പന്ഥാവിലൂടെയുള്ള മഹാസഭയുടെ പ്രയാണം 60-ാം വർഷത്തിലെത്തി നിൽക്കുകയാണ്.

വെള്ളാള സമുദായത്തിന് കേരളത്തിൽ ഒരു പുതിയ ഓജസ്സും തേജസ്സും നൽകി വെള്ളാളർ സംഘടിപ്പിക്കുവാനും സംഘടിക്കാനും കഴിവുള്ളവരാണെന്ന് തെളിയിച്ചുകഴിഞ്ഞിരിക്കുന്നു. താൻ ഒരു വെള്ളാളനാണെന്ന്, അഭിമാനപൂർവ്വം പറയുവാൻ മടിക്കുന്ന ഭീരുക്കളിൽ നിന്ന് നമ്മുടെ സമുദായത്തെ രക്ഷിച്ചെടുത്തുകൊണ്ട് പ്രവർത്തനസന്നദ്ധരും നിസ്വാർത്ഥരും പ്രഗത്ഭമതികളുമായ സമുദായ സ്നേഹികളെ വാർത്ത് വളർത്തിയെടുക്കുവാൻ മഹാസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

മുൻകാലങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമായി കഴിഞ്ഞ പഞ്ചവത്സരങ്ങളിലായി ജില്ലാ സമിതികളുടെയും, യൂണിയൻ-ഉപസഭ-വനിത-യുവജന സമിതികളുടെയും മഹാസഭയുടെ മറ്റ് പോഷക വിഭാഗങ്ങളുടെയും നിസ്സീമമായ സഹകരണം കൊണ്ട് അഭിമാനിക്കാവുന്ന തരത്തിലുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ മഹാസഭയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അതിനായി ആത്മാർത്ഥമായി സഹകരിച്ച ഓരോ മാന്യ സമുദായസ്നേഹികളോടും, അതോടൊപ്പം റിപ്പോർട്ട് കാലയളവുകളിൽ 2017 മാർച്ച് മാസം ഒഴികെ മഹാസഭയുടെ പ്രധാനഭാരവാഹികളായി മഹാസഭയ്ക്ക് താങ്ങും തണലുമായി സേവനം അനുഷ്ഠിച്ച മഹാസഭ മുൻ പ്രസിഡന്റ് ശ്രീ. പുനലൂർ മധു, മുൻ ജനറൽ സെക്രട്ടറി സോണി ജെ. കല്യാൺകുമാർ, മുൻ ട്രഷറർ വി.എസ്. വിജയൻ എന്നിവരോടുള്ള നന്ദിയും കടപ്പാടും പ്രകാശിപ്പിച്ചുകൊണ്ട് തികഞ്ഞ ചാരിതാർത്ഥ്യത്തോടെ ജനറൽ സെക്രട്ടറി എന്ന നിലയിൽ മഹാസഭയ്ക്ക് വേണ്ടി, 2015-16, 2016-17 ലെ പ്രവർത്തന റിപ്പോർട്ടുകളും, വരവ് -ചെലവ് കണക്കുകളും അവതരിപ്പിക്കുന്നു.

ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി വിശദമായ ചർച്ചകൾക്കുശേഷം ഈ റിപ്പോർട്ടുകൾ സമ്പൂർണ്ണമാക്കുകയും, അംഗീകരിച്ച് പാസ്സാക്കിത്തരണമെന്നും മഹാസഭയ്ക്ക് വേണ്ടി അഭ്യർത്ഥിക്കുന്നു.

കെ.വി.എം.എസ്. ഡയറക്ടർ ബോർഡിനുവേണ്ടി,

മണക്കാട് ആർ. പത്മനാഭൻ
ജനറൽ സെക്രട്ടറി

12-11-2017

---

പൊതുയോഗത്തിൽ എല്ലാ മഹാസഭാ കീഴ്ഘടകങ്ങളും നിർബന്ധമായും പങ്കെടുക്കേണ്ടതും, താഴെപ്പറയുന്ന നിരക്കിൽ രജിസ്ട്രേഷൻ ഫീസ് മഹാസഭയിൽ അടയ്ക്കേണ്ടതുമാണ്.

| | | |
|---|---|---|
| **ജില്ലാ സമിതി** | - | **500** |
| **യൂണിയൻ** | - | **500** |
| **ഉപസഭ** | - | **500** |
| **മഹിളാ സമാജം** | - | **250** |
| **യൂത്ത് വിംഗ്** | - | **250** |

# പൊതുയോഗ നോട്ടീസ്

സ്ഥലം : **സ്വയംവര ആഡിറ്റോറിയം - പുനലൂർ, കൊല്ലം**

തീയതി : **10-12-2017 രാവിലെ 9 മണി**

മാന്യരെ,

കേരള വെള്ളാള മഹാസഭയുടെ 01.04.2015 മുതൽ 31.03.2017 വരെയുള്ള പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ടും കണക്കും ബഹുമാന്യരായ മഹാസഭാംഗങ്ങളുടെ അറിവിനും അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

യോഗാദ്ധ്യക്ഷൻ : മഹാസഭാ പ്രസിഡന്റ് **ശ്രീ. എൻ. മഹേശൻ (റിട്ട. ആർ.ഡി.ഒ.)**

***<u>അജണ്ട</u>***

| | | |
|---|---|---|
| പതാക ഉയർത്തൽ | : | രാവിലെ 8.30 ന് |
| രജിസ്ട്രേഷൻ | : | |
| ഈശ്വരപ്രാർത്ഥനയും | | |
| ആചാര്യാനുസ്മരണയും | | |
| സ്വാഗതം | : | **ശ്രീ മണക്കാട് ആർ. പത്മനാഭൻ**, ജനറൽ സെക്രട്ടറി |
| അദ്ധ്യക്ഷൻ | : | **ശ്രീ. എൻ. മഹേശൻ** (മഹാസഭാ പ്രസിഡന്റ്) |
| സമ്മേളന ഉത്ഘാടനം | : | **മുഖ്യാതിഥി** |
| മുഖ്യപ്രഭാഷണം | : | **വിശിഷ്ടാതിഥി** |
| ആശംസാ പ്രസംഗങ്ങൾ | : | **പ്രത്യേക ക്ഷണിതാക്കളും മഹാസഭ ഭാരവാഹികളും** |
| കൃതജ്ഞത | : | |
| രാവിലെ 10.30 ന് | : | **വാർഷിക പൊതുയോഗം** |
| അദ്ധ്യക്ഷൻ | : | **ശ്രീ. എൻ. മഹേശൻ** (മഹാസഭാ പ്രസിഡന്റ്) |
| റിപ്പോർട്ട് | : | **ശ്രീ മണക്കാട് ആർ. പത്മനാഭൻ** (ജനറൽ സെക്രട്ടറി) |
| കണക്ക് അവതരണം | : | **ശ്രീ. രാജീവ് തഴക്കര** (മഹാസഭ ട്രഷറർ) |
| ബൈല ഭേദഗതി | : | |
| ഉച്ചയ്ക്ക് 1.00 ന് | : | **ഭക്ഷണം - വിശ്രമം** |
| ഉച്ചയ്ക്ക് 1.45 ന് | : | **വാർഷിക പൊതുയോഗം** തുടർച്ച |

റിപ്പോർട്ടിന്മേലുള്ള ചർച്ച പാസാക്കൽ :

മുൻകൂട്ടി ലഭിച്ചിട്ടുള്ള ചോദ്യങ്ങൾക്കുള്ള മറുപടി

കൃതജ്ഞത :

പൊതുയോഗത്തിൽ മറുപടി ലഭിക്കേണ്ട ചോദ്യങ്ങളും അവതരിപ്പിക്കാനുദ്ദേശിക്കുന്ന പ്രമേയങ്ങളും 5.12.2017-ാം തീയതിക്കു മുമ്പായി കെ.വി.എം.എസ്. തിരുവനന്തപുരം റീജിയണൽ ഓഫീസിൽ എത്തിക്കേണ്ടതാണ്. മഹാസഭയിലേക്ക് 31.3.2017 വരെ അടച്ചു തീർക്കേണ്ട വാർഷിക വരിസംഖ്യ, പ്രതിനിധി ഫീസ്, ആദായ വിഹിതം മുതലായവ 2017 ഡിസംബർ 9, 10 തീയതികളിൽ സമ്മേളന വേദിയിൽ കുടിശ്ശകകൾ ഒടുക്കാവുന്നതാണ്. അപ്രകാരം അടച്ചു തീർത്ത മഹാസഭാ കീഴ്ഘടകങ്ങളിൽ നിന്നുള്ള ചോദ്യങ്ങൾക്കു മാത്രമേ മറുപടി ലഭിക്കുകയുള്ളു. ഒരു യൂണിയനിൽ നിന്നും യൂണിയൻ അധികാരപ്പെടുത്തുന്ന ഒരു പ്രതിനിധിക്ക് ചർച്ചയിൽ പങ്കെടുക്കാവുന്നതാണ്. സമ്മേളനത്തിൽ കീഴ്ഘടകങ്ങളിൽ നിന്നും 5 പ്രതിനിധികൾക്ക് പങ്കെടുക്കാവുന്നതാണ്.

# റിപ്പോർട്ട് അവതരണം

**സ്വാഗതം** – സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ പങ്കെടുക്കുന്നതിനായി ഇവിടെ എത്തിച്ചേർന്നിട്ടുള്ള ബഹു. മഹാസഭ ഡയറക്ടർ ബോർഡ് അംഗങ്ങൾ, മുൻ ഡയറക്ടർ ബോർഡ് അംഗങ്ങൾ, ആജീവനാന്ത അംഗങ്ങൾ, ജില്ല-യൂണിയൻ-ഉപസഭ-വനിതാ-യുവജന ഭാരവാഹികൾ, പോഷകസംഘടനാ പ്രതിനിധികൾ, പ്രവർത്തകർ, അഭ്യുദയകാംക്ഷികൾ മുതലായ എല്ലാ വ്യക്തിത്വങ്ങളെയും മഹാസഭയ്ക്കുവേണ്ടി ഹൃദയ പൂർവ്വം സ്വാഗതം ചെയ്യുന്നു.

**അനുസ്മരണം** – 2 റിപ്പോർട്ട് കാലയളവുകളിലും നമ്മെ വിട്ടുപിരിഞ്ഞ സമുദായ സ്നേഹികളോടും ഇതര മഹനീയ വ്യക്തികളോടുമുള്ള മഹാസഭയുടെ ആദരാഞ്ജലികൾ സവിനയം സമർപ്പിക്കുന്നു.

**01-04-2015 മുതൽ 31-03-2016 വരെയുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട്**

**ഡയറക്ടർ ബോർഡ് യോഗങ്ങളും പങ്കാളിത്തവും** – റിപ്പോർട്ട് കാലയളവിൽ ഡയറക്ടർ ബോർഡ് 8 തവണ ഒത്തുചേർന്നു. അംഗങ്ങളുടെ സജീവ സാന്നിദ്ധ്യത്താൽ എല്ലാ ഒത്തുചേരലുകളും തികച്ചും സജീവവും, പ്രാവർത്തികവുമായിരുന്നു. ആരോഗ്യപരമായ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന ചിന്താ-വികരധാരകളെ സമന്വയിപ്പിച്ചുകൊണ്ട് കഴിയുന്നത്ര പദ്ധതികൾ നടപ്പിലാക്കാൻ മഹാസഭ പരമാവധി ശ്രമിച്ചിട്ടുണ്ട്.

**ആജീവനാന്ത അംഗത്വം** – മഹാസഭയോടുള്ള വിശ്വാസ്യതയെ സൂചിപ്പിക്കുന്ന തരത്തിൽ 891 പേർ ആജീവനാന്ത അംഗത്വവും, 10 പേർ രക്ഷാധികാരി അംഗത്വവും സ്വീകരിച്ചു.

**കീഴ്ഘടകങ്ങളുടെ വർദ്ധനവ്** – റിപ്പോർട്ട് വർഷത്തിൽ 12 ഉപസഭകൾ 9 വനിതാസമാജങ്ങൾ 3 യൂത്ത് വിംഗുകൾ എന്നിവയും 2 യൂണിയനുകളും പുതിയതായി രൂപീകരിച്ചു. പ്രവർത്തനം മന്ദീഭവിച്ചുപോയ കീഴ്ഘടകങ്ങളെ പുനർജീവിപ്പിക്കുന്നതിനുള്ള പ്രായോഗിക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**യൂണിയൻ പുനഃക്രമീകരണം** – യൂണിയനുകൾക്കുള്ള അധികാര-പ്രവർത്തന പരിധി നിയമസഭാ മണ്ഡലങ്ങളുടെ പരിധിക്കനുസൃതമാക്കണമെന്ന തീരുമാനം 2014 ജനുവരി 5 ന് തിരുവനന്തപുരത്ത് കൂടിയ വാർഷിക സമ്മേളനത്തിൽ കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ യൂണിയനുകൾ പുനഃക്രമീകരിച്ചു. പ്രവർത്തനക്ഷമതയില്ലാതെ കിടന്നിരുന്ന യൂണിയനുകളെ സുസജ്ജമാക്കിയും വരുംനാളുകളിൽ വെള്ളാള സമുദായം ഒരു രാഷ്ട്രീയശക്തി ആകണമെന്ന ലക്ഷ്യത്തോടെയും യൂണിയനുകൾക്ക് നിയമസഭ മണ്ഡലാടിസ്ഥാനത്തിൽ പ്രവർത്തനപരിധി നിശ്ചയിച്ച് പുനഃക്രമീകരിച്ചു.

**ഹെഡ്ഡാഫീസ്** – പത്തനംതിട്ട ജില്ലയിലെ റാന്നി തോട്ടമണിൽ 2/303-ാം നമ്പരിൽ പ്രവർത്തിച്ചുവരുന്ന മഹാസഭയുടെ ഹെഡ്ഡാഫീസിൽ കോൺഫറൻസ് ഹാളും, ഔദ്യോഗിക ഭാരവാഹിത്വ മുറികളും, കൊടിമരം, ചുറ്റുമതിൽ പണിത് വാതിലും, നാമപലകയും സ്ഥാപിച്ച് ഹെഡ്ഡാഫീസിനെ കാര്യപ്രാപ്തിയുള്ളതാക്കി മാറ്റി.

**റീജിയണൽ ഓഫീസ്** – അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരത്ത് സ്റ്റാച്യു, സെക്രട്ടേറിയറ്റിന് എതിർവശമുള്ള ജയഭാരതം ബിൽഡിംഗ്സിന്റെ ഒന്നാം നിലയിൽ മഹാസഭയുടെ റീജിയണൽ ഓഫീസ് ആരംഭിച്ച്, നിത്യേക രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ പ്രവർത്തിച്ചുവരുന്നു.

**കമ്പ്യൂട്ടർവത്ക്കരണം** – ഹെഡ്ഡാഫീസും, റീജിയണൽ ഓഫീസും കമ്പ്യൂട്ടർവത്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായിട്ടുള്ള സോഫ്റ്റ് വെയറുകളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

**ലയനം** – വെള്ളാള സമുദായക്കാരെ മഹാസഭയുടെ കുടക്കീഴിൽ അണിനിരത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം വിതുര ഭാഗത്ത് പ്രവർത്തിച്ചുവന്നിരുന്ന ഭാരതീയ വെള്ളാള ഐക്യസംഘത്തെ, മഹാസഭയുടെ സ്ഥാപക വാർഷിക ദിനമായ 2015 സെപ്തംബർ 21 ന് കൂടിയ ലയന സമ്മേളനത്തിൽ മഹാസഭയിൽ ലയിപ്പിച്ചു.

**ശില്പശാലകൾ** – സംസ്ഥാനാടിസ്ഥാനത്തിൽ മഹാസഭയെ സജ്ജീവമാക്കുന്നതിനായി കീഴ്ഘടകങ്ങളിലെ ഭാരവാഹികളെയും പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് വിവിധ മേഖലകളിലായി ശില്പശാലകൾ സംഘടിപ്പിച്ചു.

**വനിതാ സംഗമങ്ങൾ** – മഹാസഭയുടെ വനിതാ വിഭാഗത്തിന് സംസ്ഥാനതലത്തിൽ പുതിയ രൂപവും ആവേശവും നൽകുന്നതിലേയ്ക്കായി ജില്ല അടിസ്ഥാനത്തിൽ വനിതാ സംഗമങ്ങളും, പ്രതിനിധി സമ്മേളനങ്ങളും സംഘടിപ്പിച്ചു.

**പി.എസ്. നടരാജപിള്ള അനുസ്മരണം** – മുൻ ധനകാര്യമന്ത്രിയായ പി.എസ്. നടരാജ പിള്ളയുടെ 50-ാം ചരമ വാർഷികദിനം ആലപ്പുഴ മുല്ലയ്ക്കൽ ശാദരാ കോംപ്ലക്സിൽ ആചരിച്ചു.

**കീഴ്ഘടകങ്ങൾക്കുള്ള നിയമാവലി** – ജില്ല-യൂണിയൻ-ഉപസഭാ സമിതികൾക്കായി ബൈല നിർമ്മണം നടത്തുകയും, ആയത് കീഴ്ഘടകങ്ങൾക്ക് തപാലാക്കി, അവരുടെ വിലയേറിയ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും കണക്കിലെടുക്കുകയും, പരിഗണിക്കുകയും ചെയ്ത്, വേണ്ടുന്ന മാറ്റങ്ങൾ ഉൾപ്പെടുത്തുകയും, തുടർന്ന് ബൈല അംഗീകരിക്കുകയും അതനുസരിച്ച് പ്രവർത്തിച്ചുവരികയുമാണ്.

**കാരുണ്യനിധി** – സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം കഷ്ടത അനുഭവിക്കുന്ന നമ്മുടെ സമുദായത്തിലെ അംഗങ്ങൾക്ക് മഹാസഭയുടെ കാരുണ്യനിധി പദ്ധതി പ്രകാരം 1,00,000/- രൂപ ധനസഹായമായി വിതരണം ചെയ്തു.

**കെ.വി.എം.എസ്. പൊൻകുന്നം ആശുപത്രി** – കോടതികളിൽ കേസ്സുകൾ നിലനിൽക്കേ പൊൻകുന്നം കെ.വി.എം.എസ്. ഹോസ്പിറ്റലിൽ നടത്തുന്ന പുതിയ നീക്കങ്ങൾക്കെതിരെ കോട്ടയം ജില്ലാകമ്മിറ്റി 2015 മേയ് 30 ന് സംഘടിപ്പിച്ച പ്രതിഷേധ സമരത്തിനും ധർണ്ണക്കും മഹാസഭ പൂർണ്ണ പിന്തുണ നൽകി.

**പതാക-സ്ഥാപക ദിനാചരണങ്ങൾ** – മഹാസഭയുടെ പതാകദിനമായ സെപ്തംബർ 20 നും സ്ഥാപകദിനമായ സെപ്തംബർ 21 നും വിവിധ പരിപാടികളോടെ കേരളത്തിലുടനീളം കീഴ്ഘടകങ്ങളുടെ പ്രത്യേക നേതൃത്വത്തിൽ സമുചിതമായി ആചരിച്ചു.

**സെൻസസ്സ് പദ്ധതി** – വെള്ളാള സമുദായക്കാർ എത്രയുണ്ടെന്നുള്ള കൃത്യമായ കണക്കുകൾ കണ്ടെത്തുന്നതിനായി സെൻസസ്സ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കീഴ് ഘടകങ്ങളുടെ പ്രത്യേക ശ്രദ്ധ ഈ പദ്ധതിയുടെ വിജയത്തിന് അനുവാര്യമാണെന്ന കാര്യം ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

**വയ്യാറ്റുപുഴ സ്കൂൾ വികസനം** – മഹാസഭയുടെ മാനേജ്മെന്റിലുള്ള സ്കൂളിന് അടിസ്ഥാന സൗകര്യ വികസനത്തിനും അക്കാഡമി മികവിനും റിപ്പോർട്ട് കാലയളവ് സാക്ഷിയായി. പ്രീ-പ്രൈമറി ക്ലാസുകൾ വിജയകരമായി നടത്തിവരുന്നു. 7 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞു. ബഹു. എം.പി. ശ്രീ. ആന്റോ ആന്റണിയുടെ വികസന ഫണ്ടിൽ നിന്നും സ്കൂൾ വികസനത്തിനായി 10,00,000/- രൂപ അനുവദിച്ചു കിട്ടുകയുണ്ടായി.

**സർവ്വീസ് മാർക്ക്** – മഹാസഭയുടെ ചുരുക്കപ്പേരായ കെ.വി.എം.എസ്. എന്നത് ഇതര സമുദായ സംഘടനകൾ ഉപയോഗിക്കുന്നതായി മഹാസഭയുടെ ശ്രദ്ധയിൽപെടുകയും, ചുരുക്കപ്പേരിന് സർവ്വീസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**വെള്ളാള ശബ്ദം** – മഹാസഭയുടെ മുഖ്യപത്രമായ വെള്ളാള ശബ്ദത്തിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചു. പുതിയ സമ്മാനപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയും, വിവിധ കലാ-സാഹിത്യ മത്സരങ്ങൾ സംഘടിപ്പിച്ചും പ്രസിദ്ധീകരണം കൂടുതൽ ജനകീയമാക്കാനുള്ള നടപടികൾ കൈക്കൊണ്ടു.

**പ്രതിഭാ ഡയറക്ടറി** – വിവിധ മണ്ഡലങ്ങളിൽ മികവ് പുലർത്തിയ വെള്ളാള പ്രതിഭകളെ ആദരിക്കുക എന്ന ലക്ഷ്യത്തോടെ, അത്തരം വ്യക്തിത്വങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് പ്രതിഭാ ഡയറക്ടറി പ്രസിദ്ധീകരിക്കുന്നതിനുള്ള തയ്യാറെടുപ്പുകൾക്ക് തുടക്കം കുറിച്ചു.

**എരുമേലി സർവ്വസിദ്ധി വിനായക ക്ഷേത്രം** – മഹാസഭയുടെ കോട്ടയം ജില്ലാ കമ്മിറ്റിയും കോട്ടയത്ത് എരുമേലിയിൽ $17^3/_4$ സെന്റ് ഭൂമി വിലയ്ക്ക് വാങ്ങി ബാലാലയ പ്രതിഷ്ഠ നടത്തി ക്ഷേത്ര സംവിധാനങ്ങൾ ചിട്ടപ്പെടുത്തി.

**അയ്യാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (AIMS)**– മാനേജ്മെന്റ് സ്റ്റഡീസിന് (ഭരണ നേതൃത്വ പഠനം) പ്രാധാന്യം നൽകിക്കൊണ്ട് മഹാസഭയുടെ നേതൃത്വത്തിൽ അയ്യാഗുരു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് സ്റ്റഡീസ് (AIMS) എന്ന സ്ഥാപനം ആരംഭിക്കുവാൻ തീരുമാനിക്കുകയും, അതിനായിട്ടുള്ള പ്രാരംഭ നടപടി എന്ന നിലയിൽ അക്കാദമിക്ക് കൗൺസിൽ രൂപീകരിക്കുന്നതിനായി കീഴ്ഘടകങ്ങളിൽ നിന്ന് പ്രഗത്ഭരായ വ്യക്തിത്വങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ സ്വീകരിച്ചു വരുന്നു.

**മഹാസഭ തെരഞ്ഞെടുപ്പ്** – മഹാസഭ ഡയറക്ടർ ബോർഡിൽ വ്യക്തിഗത-യൂണിയൻ-യൂത്ത് വിംഗം- വനിതാ മണ്ഡലങ്ങളിലുള്ള ഒഴിവുകളിലേയ്ക്ക് 2016 മാർച്ച് 13 ന് തെരഞ്ഞെടുപ്പ് നടത്തി. ഡോ. കെ.ജി. ശശിധരൻ പിള്ള, ആർ. മുരളീധരൻ പിള്ള, ഇ.പി. ജ്യോതി എന്നിവർ വ്യക്തിയംഗ മണ്ഡലത്തിൽ നിന്നും, ഓമന ജി പിള്ള, കെ.ജി. കനകലത എന്നിവർ വനിതാ മണ്ഡലത്തിൽ നിന്നും, എ. പൊന്നപ്പാ പിള്ള (എറണാകുളം), അഡ്വ. ജി. ജയപാലൻ പിള്ള (കൊല്ലം), എം. ജയകുമാർ (ചടയമംഗലം), എൻ. മഹേശൻ (പുനലൂർ), സുബാഷ്കുമാർ (കോന്നി), ഡോ. എൻ. രാമചന്ദ്രൻ പിള്ള (കാഞ്ഞിരപ്പള്ളി), റ്റി. രവികുമാർ (തിരുവനന്ത പുരം), സി.പി. ശശികുമാർ (പൂഞ്ഞാർ), സി.പി. ഗോപാലകൃഷ്ണ പിള്ള (പാല), സുരേഷ്കുമാർ ജി. (തൊടുപുഴ) എന്നിവർ യൂണിയൻ മണ്ഡലങ്ങളിൽ നിന്നും, എച്ച്.എൻ. ശരവണൻ യൂത്ത് വിംഗ് മണ്ഡല ത്തിലേയ്ക്കും തെരഞ്ഞെടുക്കപ്പെട്ടു. വരണാധികാരിയായി പ്രവർത്തിച്ച അഡ്വ. പി. നടരാജപിള്ളയുടെ സ്തുത്യർഹമായ സേവനത്തിന് മഹാസഭ നന്ദി പ്രകാശിപ്പിക്കുന്നു.

## 01-04-2016 മുതൽ 31-03-2017 വരെയുള്ള വാർഷിക പ്രവർത്തന റിപ്പോർട്ട്

**ഡയറക്ടർ ബോർഡ് യോഗങ്ങളും പങ്കാളിത്തവും** – റിപ്പോർട്ട് കാലയളവിൽ ഡയറക്ടർ ബോർഡ് 7 തവണ ഒത്തുചേർന്നു. മഹാസഭയ്ക്ക് മുമ്പാകെ വരുന്ന വിഷയങ്ങളിന്മേലുള്ള ചർച്ചകളിൽ ഉന്നത നില വാരം പുലർത്തുകയും, സമുദായത്തിന്റെ താല്പര്യങ്ങൾക്ക് ഗുണപരമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ബോർഡംഗങ്ങൾ വളരെ മാതൃകാപരമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചിട്ടുള്ളത്.

**ആജീവനാന്ത അംഗത്വം** – പ്രവർത്തനങ്ങൾക്കുള്ള വർദ്ധിച്ച ജനസ്വാധീനത്തിന്റെ തെളിവായി മഹാസഭ യുടെ ആജീവനന്ത അംഗത്വം 1923 പേരും, രക്ഷാധികാരി അംഗത്വം 3 പേരും കരസ്ഥമാക്കി. മഹാസഭയുടെ ശക്തികേന്ദ്രങ്ങളായ ആജീവനാന്ത അംഗങ്ങളുടെ എണ്ണം ലക്ഷത്തിലെത്തിക്കുവാൻ നാം കൂട്ടായി പരിശ്ര മിക്കേണ്ടിയിരിക്കുന്നു.

**കീഴ്ഘടകങ്ങൾ** – റിപ്പോർട്ട് കാലത്ത് 16 ഉപസഭകൾക്കും,11 വനിതാ സമാജങ്ങൾക്കും 4 യുവജന വിഭാഗ ങ്ങൾക്കും 1 യൂണിയനും രൂപവും രജിസ്ട്രേഷനും നൽകി.

**കാരുണ്യനിധി** – കൊടുക്കുന്നതിലെ സംതൃപ്തി കിട്ടുന്നതിലുണ്ടാവില്ല എന്ന സത്യം മഹാസഭ മനസ്സിലാ ക്കുന്നു. നമ്മുടെ സമുദായ അംഗങ്ങളുടെയിടയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, സ്വആരോഗ്യം സംരക്ഷിക്കുന്നതിനായി പരസഹായം തേടുന്നവർക്കുമായി രൂപീകരിച്ചിട്ടുള്ള കാരുണ്യനിധി പദ്ധതി അതിന്റെ ലക്ഷ്യപ്രാപ്തിയെത്തിക്കുന്നതിനായ് തീവ്രശ്രമം വേണ്ടിയിരിക്കുന്നു.

**യൂണിയനുകളെ പുനഃക്രമീകരണം** – പ്രസ്തുത കാലയളവിൽ നിലവിലുള്ള യൂണിയനുകളിൽ 70%ത്തോളവും നിയമസഭ മണ്ഡലാടിസ്ഥാനത്തിൽ പുനഃക്രമീകരിക്കപ്പെട്ടു. ചില ഉപസഭകളിലെ 60% അംഗ ങ്ങൾ ഒരു നിയമസഭാ മണ്ഡലത്തിലും, ബാക്കിയുള്ള 40% മറ്റൊരു നിയോജക മണ്ഡലത്തിലുമുള്ള സ്ഥിതി വിശേഷം കണ്ടുവരുന്നതായി ബോർഡിന് ബോധ്യപ്പെട്ടതിനെത്തുടർന്ന് അങ്ങനെയുള്ള ഉപസഭകൾ, മണ്ഡ ലാടിസ്ഥാനത്തിൽ പ്രവർത്തന പരിധി നിശ്ചയിച്ച് 60% വരുന്ന അംഗങ്ങളുള്ള ഉപസഭകൾ നിലനിർത്തുക യും, ബാക്കിവരുന്ന 40% അംഗങ്ങൾ ചേർന്ന് പുതിയ ഉപസഭകൾ ഉണ്ടാക്കുകയോ, അവർ ഉൾപ്പെടുന്ന

നിയമസഭാ മണ്ഡലത്തിൽ നിലവിലുള്ള ഏതെങ്കിലും ഉപസഭയുമായി ചേർന്ന് പ്രവർത്തിക്കുകയോ ചെയ്യേണ്ടതാണെന്നുള്ള നയപരമായ തീരുമാനം മഹാസഭ കൈക്കൊള്ളുകയും, അതിൻപ്രകാരം യൂണിയനുകൾ പുനഃക്രമീകരിക്കുകയും ചെയ്തു.

**ഷഷ്ഠിപൂർത്തി പ്രോജക്ടുകളുടെ രൂപരേഖ** – 1957 സെപ്തംബർ 21 ന് പ്രവർത്തനം ആരംഭിച്ച മഹാസഭയുടെ ഷഷ്ഠിപൂർത്തി ആഘോഷങ്ങളുടെ ഭാഗമായി വിവിധ പദ്ധതികൾക്ക് രൂപം നൽകുകയും, വിദ്യാഭ്യാസ-ആരോഗ്യ-കല-സാംസ്കാരിക-ആത്മീയ മേഖലകൾക്ക് ഊന്നൽ നൽകി 60 പ്രോജക്ടുകൾക്കും രൂപം നൽകി. ഇതിന്റെ പൂർണ്ണവിവരം വെള്ളാള ശബ്ദം വാല്യം 11, ലക്കം 1 ൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

**മഹാസഭ തെരഞ്ഞെടുപ്പ്** – മഹാസഭ ഡയറക്ടർ ബോർഡിലേയ്ക്ക് ഒഴിവുവന്ന 9 യൂണിയൻ മണ്ഡലങ്ങളിലേയ്ക്കും 3 വ്യക്തിയംഗ മണ്ഡലങ്ങളിലേയ്ക്കും, 1 യൂത്ത് വിംഗ് മണ്ഡലത്തിലേയ്ക്കുമുള്ള തെരഞ്ഞെടുപ്പ് 2017 ഫെബ്രുവരി 26 ന് നടന്നു. പി.എ. ചന്ദ്രപ്പൻ പിള്ള, മണക്കാട് ആർ. പത്മനാഭൻ, ആറ്റുകാൽ ജി. കുമാരസ്വാമി എന്നിവർ വ്യക്തിയംഗ മണ്ഡലത്തിൽ നിന്നും, എസ്. നാരായണൻ യൂത്ത് വിംഗ് മണ്ഡലത്തിൽ നിന്നും, എസ്.ആർ. രാജലക്ഷ്മി (അരുവിക്കര), എൻ. ശ്രീകണ്ഠൻ പിള്ള (നെടുമങ്ങാട്), എസ്. ജയഗോപാൽ (വട്ടിയൂർക്കാവ്), വേണു ചെറുകുളം (കൊട്ടാരക്കര), ശ്രീനിവാസൻ പിള്ള (റാന്നി), പി. ഹരിദാസ് (കായംകുളം), രാജീവ് തഴക്കര (മാവേലിക്കര), പി. അനിൽകുമാർ (അമ്പലപ്പുഴ), കെ. ഗോപകുമാർ (ചേർത്തല) എന്നിവർ യൂണിയൻ മണ്ഡലങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ടു. അഡ്വ. പി. നടരാജ പിള്ള ഈ തെരഞ്ഞെടുപ്പിലും വരണാധികാരിയായ സേവനം അനുഷ്ഠിച്ചു.

**മാര്യേജ് ബ്യൂറോയും വെബ് സൈറ്റും** – സമുദായത്തിൽ നിന്ന് വധുവരന്മാരെ കണ്ടെത്തുന്നതിനായി മഹാസഭയുടെ മേൽനോട്ടത്തിൽ മാര്യേജ് ബ്യൂറോ ആരംഭിക്കുന്നതിന് തീരുമാനിക്കുകയും, അതിനാവശ്യമായ സോഫ്റ്റ് വെയർ നിർമ്മിക്കുകയും ചെയ്തു. ഹെഡ്ഢാഫീസും, റീജിയണൽ ഓഫീസും കമ്പ്യൂട്ടർവത്കരിക്കപ്പെടുന്നതോടുകൂടി ഇതിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. മഹാസഭയുടെ വെബ് സൈറ്റിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

**കീഴ്ഘടകങ്ങൾക്ക് ഇ-മെയിൽ വിലാസം** – മഹാസഭ വാർത്തകൾ കൂടുതൽ സുതാര്യതയോടും, തപാൽ താമസം ഒഴിവാക്കിക്കിട്ടുന്നതിനുമായി എല്ലാ ഉപസഭകൾക്കും ഇ-മെയിൽ വിലാസം നൽകുവാൻ തീരുമാനിച്ചു. അധികം താമസിയാതെതന്നെ മഹാസഭയുടെ സർക്കുലറുകളും മറ്റും ഇ-മെയിൽ വഴി ഉപസഭകളിലെത്തിക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കുന്നതുവഴി തപാൽ ചെലവുകൾ ഒഴിവാക്കാനാകുമെന്ന് ബോർഡ് കരുതുന്നു. കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിലുള്ള ഉപസഭകളുടെ ഇ-മെയിൽ വിലാസം തയ്യാറായിക്കഴിഞ്ഞു. ബാക്കിയുള്ളവ പുരോഗമിച്ചുവരുന്നു.

**പാൻകാർഡ്** – ബാങ്കിംഗ് ഇടപാടുകൾക്കും, മറ്റ് വരവ്-ചെലവ് കണക്കുകൾക്കും കൂടുതൽ കൃത്യതയും സുതാര്യതയും കൈവരിക്കുന്നതിനായി മഹാസഭ അപേക്ഷിച്ചതനുസരിച്ച് പാൻകാർഡ് ലഭ്യമായി.

**രജിസ്ട്രേഷൻ** – 2013-14, 2014-15 സാമ്പത്തിക വർഷങ്ങളുടെ വാർഷിക റിട്ടേൺസ് ഫയൽ ചെയ്തു. ഫയലിംഗ് ഫീസ് നൽകി (TR-5 No. 322826) Non Trading Company Registrar ൽ നിന്ന് ഉത്തരവ് കരസ്ഥമാക്കി. (L.3-1052/16 dtd. 21-01-2017)

**ധർണ്ണ** – മുൻമന്ത്രി പരേതനായ പി.എസ്. നടരാജപിള്ളയെക്കുറിച്ചുള്ള മോശം പരാമർശത്തിൽ പ്രതിഷേധിച്ച് 2016 ഫെബ്രുവരി 8 ന് തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുമ്പാകെ ധർണ്ണ സംഘടിപ്പിച്ചു.

പതാകസ്ഥാപകദിനങ്ങൾ, പി.എസ്. നടരാജ പിള്ള അനുസ്മരണം, ശ്രീ അയ്യാഗുരുദിനം തുടങ്ങിയവ സമുചിതമായി റിപ്പോർട്ട് കാലയളവിൽ ആചരിച്ചു.

**നിറസാന്നിദ്ധ്യമായി എന്നും** – കീഴ്ഘടകങ്ങളുടെ പ്രവർത്തനങ്ങളിൽ തങ്ങളാൽ കഴിയുന്ന തരത്തിലുള്ള സഹായസഹകരണങ്ങൾ നൽകി, നിറസാന്നിദ്ധ്യമായി എല്ലാ ഡയറക്ടർ ബോർഡ് അംഗങ്ങളും ഒത്തൊരുമയോടുകൂടിയും, ഏക മനസ്സോടും പ്രവർത്തിച്ചിട്ടുണ്ട്. പ്രകൃതിക്കനുസൃതമായ മാറ്റങ്ങളൊഴിച്ചാൽ, തുടർന്നും ഈ സഹകരണ മനോഭാവം ഡയറക്ടർ ബോർഡംഗങ്ങളിൽ നിന്നും ഏതൊരു സമുദായ സ്നേഹിക്കും ഉണ്ടാകുമെന്ന് ഉറപ്പ് നൽകുന്നു.

**ഞങ്ങൾക്ക് തികഞ്ഞ പ്രതീക്ഷയുണ്ട്...**

സമുദായം നേരിടുന്ന ചെറിയ പ്രശ്നങ്ങളിൽപോലും പ്രതീക്ഷയോടെ കർമ്മവിശ്വാസങ്ങളിലൂടെയാണ് തീവ്രമായ തീർപ്പുണ്ടാകുന്നത് പ്രതീക്ഷ അല്ലെങ്കിൽ വിശ്വാസം എന്നത് ഒരു പേപ്പർ കഷണം പോലെയാണ്. അത് ഒരിക്കൽ ചുരുട്ടിക്കൂട്ടി നശിപ്പിച്ചാൽ, പിന്നെയൊരിക്കലും അതേവിധം പൂർവ്വസ്ഥിതിയിലാക്കാനാവില്ല.

*പരിശ്രമം ചെയ്യുകിലെന്തിനേയും വശത്തിലാക്കാൻ കഴിവുള്ള വണ്ണം*
*ദീർഘങ്ങളാം കൈകളെ നൽകിയത്രെ മനുഷ്യരെ പാരിലയച്ചതീശൻ*

പരിശ്രമം കൊണ്ട് എന്തും നേടാവുന്ന കരങ്ങളുമായാണ് ദൈവം നമ്മെ ഭൂമിയിലേയ്ക്ക് അയച്ചത്. നമ്മുടെ ഭാഗധേയം നമ്മളിൽ തന്നെയാണ് അർപ്പിക്കപ്പെട്ടിരിക്കുന്നത്. നമ്മുടെ പ്രവൃത്തികൾ എന്തായവണമെന്ന് നിർണ്ണയിക്കേണ്ടത് നമ്മൾ തന്നെയാണ്.

കാലാകാലങ്ങളിൽ നമ്മുടെ സമുദായത്തിന് നഷ്ടപ്പെട്ടുപോയ വിദ്യാഭ്യാസ സംവരണം ഉൾപ്പെടെയുള്ള വിഷയങ്ങളിന്മേൽ ഉചിതമായ നടപടികൾ കൊക്കൊള്ളുവാൻ ഡയറക്ടർ ബോർഡ് പ്രതിജ്ഞാബദ്ധമാണ്. ആത്മവിശ്വാസമുള്ളതും മനസ്സിന് ജരാനരകൾ ബാധിക്കാത്തതുമായ, യുവത്വം നിലനിർത്തുന്ന ഈ ഡയറക്ടർ ബോർഡിന് വരുംകാലങ്ങളിൽ ആത്മാഭിമാനത്തെ തൊട്ടുണർത്തുന്ന തരത്തിൽ പ്രവർത്തിച്ച് വെള്ളാള സമുദായത്തെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാമെന്ന് നൂറു ശതമാനം വിശ്വാസവും പ്രതീക്ഷയുമുണ്ട്.

ബഹുമാന്യരായ പ്രതിനിധികളെ പ്രവർത്തകരെ,

മുൻകാലങ്ങളിൽ നിന്നും തികച്ചും വ്യത്യസ്ഥമായി കഴിഞ്ഞ 5 കൊല്ലങ്ങളായി കീഴ്ഘടകങ്ങളുടെ സഹകരണങ്ങൾ കൊണ്ടുമാത്രം അഭിമാനിക്കാവുന്ന തരത്തിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അതിനായി ആത്മാർത്ഥമായി സഹകരിച്ച മുൻ ഡയറക്ടർ ബോർഡംഗങ്ങൾ അടക്കമുള്ള എല്ലാ മാന്യസമുദായ സ്നേഹികളോടുമുള്ള നന്ദിയും കടപ്പാടും ഒരിക്കൽ കൂടി പ്രകാശിപ്പിച്ചുകൊണ്ട് ജനറൽ സെക്രട്ടറി എന്ന നിലയിൽ ഈ റിപ്പോർട്ട് മഹാസഭ ഡയറക്ടർ ബോർഡിനുവേണ്ടി അവതരിപ്പിക്കുന്നു.

ക്രിയാത്മകമായ നിർദ്ദേശങ്ങൾ നൽകി വിശദമായ ചർച്ചകൾക്കുശേഷം ഈ റിപ്പോർട്ടുകൾ സമ്പൂർണ്ണമാക്കുകയും, അംഗീകരിച്ച് പാസ്സാക്കിത്തരണമെന്നും മഹാസഭയ്ക്ക് വേണ്ടി അഭ്യർത്ഥിക്കുന്നു.

കെ.വി.എം.എസ്. ഡയറക്ടർ ബോർഡിനുവേണ്ടി,

**മണക്കാട് ആർ. പത്മനാഭൻ**

12-11-2017 ജനറൽ സെക്രട്ടറി

## കെ.വി.എം.എസ്. കാരുണ്യനിധിയിലേയ്ക്ക് ഒരു കൈ സഹായം

നമ്മുടെ സമുദായത്തിൽപ്പെട്ട സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം സ്വആരോഗ്യം സംരക്ഷിക്കുവാനോ ആശ്രിതർക്ക് വേണ്ടുന്നതരത്തിലുള്ള സംരക്ഷണം നൽകുവാനോ കഴിയാത്ത അശരണരും, നിരാലംബരുമായ വ്യക്തികൾക്ക് / കുടുംബങ്ങൾക്ക് മഹാസഭയുടെ കൈത്താങ്ങ്.

**ഉപസഭ, വനിതാ- യുവജന വിഭാഗങ്ങൾ മുഖാന്തിരം കെ.വി.എം.എസ്. കാരുണ്യനിധിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യുക. ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക ക്ഷേമപ്രവർത്തനത്തിനായി മാത്രം ഉപയോഗിക്കുന്നു.**

സംഭാവനകൾ, ചെക്ക്/ഡിഡി/മണി ഓർഡർ ആയി താഴെകാണുന്ന മേൽവിലാസത്തിൽ തപാലാക്കുവാൻ താല്പര്യപ്പെടുന്നു. ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടും, സംഭാവനകൾ നിക്ഷേപിക്കാവുന്നതാണ്.

Dhanlakshmi Bank, Thottamon Branch,Ranni,Pathanamthitta
A/c.No. 011900100013780, IFS Code : DLXB0000119
Communication Address : The General Secretary, KVMS Karunya Nidhi,
P.B. No. 9, Ranni, Pathanamthitta

# ബൈലാ ഭേദഗതികൾ

## കെ.വി.എം.എസ്. ബൈല പേജ് നമ്പർ 15 ക്ലാസ് 42

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| മേൽപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ബോർഡംഗങ്ങളുടെ കാലാവധി 3 വർഷം. കാലാവധി പൂർത്തിയാകുന്ന അംഗങ്ങൾ കൃത്യമായി പിരിഞ്ഞുപോകേണ്ടതാണ്. അങ്ങനെ പിരിഞ്ഞു പോകുന്ന ഡയറക്ടർക്ക് വീണ്ടും മത്സരിക്കാവുന്നതാണ്. | തെരഞ്ഞെടുക്കപ്പെടുന്ന ഡയറക്ടർ ബോർഡംഗങ്ങൾ തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനമുറയ്ക്ക് തെരഞ്ഞെടുപ്പ് വരണാധികാരിക്ക് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യേണ്ടതാണ്. തദവസരത്തിൽ സത്യപ്രതിജ്ഞ ചെയ്യാത്ത നിയുക്ത ബോർഡംഗങ്ങൾ അന്നേദിവസം മുതൽ 3 മാസത്തിനുള്ളിൽ കൂടുന്ന ഡയറക്ടർ ബോർഡ് യോഗങ്ങളിൽ മഹാസഭാ പ്രസിഡന്റ് മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യേണ്ടതുമാണ്.മേൽപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ബോർഡംഗങ്ങളുടെ കാലാവധി 3 വർഷം. കാലാവധി പൂർത്തിയാകുന്ന അംഗങ്ങൾ കൃത്യമായി പിരിഞ്ഞുപോകേണ്ടതാണ്. അങ്ങനെ പിരിഞ്ഞുപോകുന്ന ഡയറക്ടർക്ക് വീണ്ടും മത്സരിക്കാവുന്നതാണ്. |

## കെ.വി.എം.എസ്. ബൈല പേജ് നമ്പർ 18 ക്ലാസ് 59

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| അത്യാവശ്യ ചെലവുകൾക്കായി ജനറൽ സെക്രട്ടറിക്കും ഖജാൻജിക്കും 2,000/- രൂപയിൽ കവിയാതെയുള്ള സംഖ്യ രൊക്കെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതാണ്. | അത്യാവശ്യ ചെലവുകൾക്കായി ജനറൽ സെക്രട്ടറിക്കും ഖജാൻജിക്കും 10,000/- രൂപയിൽ കവിയാതെയുള്ള സംഖ്യ രൊക്കെ കൈവശം വച്ചുകൊണ്ടിരിക്കാവുന്നതാണ്. |

## കെ.വി.എം.എസ്. ബൈല പേജ് നമ്പർ 19 ക്ലാസ് 66

| നിലവിലുള്ളത് | ഭേദഗതി |
|---|---|
| പൊതുയോഗവും ഡയറക്ടർ ബോർഡ് യോഗം, വർക്കിംഗ് കമ്മിറ്റി യോഗങ്ങൾ സംബന്ധിച്ച് ആൾമുഖാന്തിരമോ, പോസ്റ്റ് വഴിയോ നോട്ടീസ് കൊടുക്കാവുന്നതാണ്. മേൽവിലാസമെഴുതി, പോസ്റ്റേജ് ഒടുക്കിയും, പോസ്റ്റിംഗ് സർട്ടിഫിക്കറ്റ് വാങ്ങിയും തപാൽ പെട്ടിയിലിടുന്ന നോട്ടീസ് മുറപ്രകാരമുള്ള നോട്ടീസായും തക്ക സമയത്ത് ആയത് മേൽവിലാസക്കാരന് കിട്ടിയതായും വിചാരിക്കപ്പെടുന്നതാണ്. ആൾ മുഖാന്തിരം നോട്ടീസ് കൊടുത്തു എന്നുള്ളതിന് രേഖ ഉണ്ടായിരിക്കേണ്ടതാണ്. | പൊതുയോഗ വിവരങ്ങൾ, റിപ്പോർട്ടുകൾ, കണക്കുകൾ, ബോർഡ് യോഗ സർക്കുലറുകൾ, തെരഞ്ഞെടുപ്പ് വിജ്ഞാപനങ്ങൾ, വോട്ടർ പട്ടിക മുതലായവ സംബന്ധിച്ച് ആൾ മുഖാന്തിരമോ, തപാൽ വഴിയോ മഹാസഭയുടെ വെബ്സൈറ്റിലൂടെയോ ഉപസഭകൾക്ക് നൽകിയിട്ടുള്ള ഇ-മെയിൽ വഴിയോ നോട്ടീസ് കൊടുക്കാവുന്നതാണ്. ആൾ മുഖാന്തിരം നോട്ടീസ് കൊടുത്തു എന്നുള്ളതിന് രേഖ ഉണ്ടായിരിക്കേണ്ടതാണ്. തപാൽ/ വെബ്സൈറ്റ്/ഇ-മെയിൽ മാർഗ്ഗങ്ങൾ അവലംബിക്കുമ്പോൾ തക്കസമയത്ത് ആയത് മേൽവിലാസക്കാരന് കിട്ടിയതായി വിചാരിക്കപ്പെടുന്നതാണ്. |

# KERALA VELLALA MAHA SABHA
## RECEIPT & PAYMENTS ACCOUNT FOR THE YEAR ENDED 31ST MARCH 2016

| Receipts | | Amount | Payments | | Amount |
|---|---|---|---|---|---|
| Opening Balance | | | Salary & Bonus | | 90,000.00 |
| Cash in Hand | 4,458.00 | | Board Meeting Expenses | | 16,415.00 |
| Ranni SCB | 3,927.50 | | TA to Members/Off.Stf | | 848.00 |
| Dhanalekshmi Bank | 15,548.00 | | Electricity Charges | | 2,177.00 |
| SBT Thottamonkavu | 1,080.00 | | Telephone Charges | | 2,904.00 |
| Aclathu Chellappan | | | Postage | | 14,780.00 |
| Pillai Endowment | | | Printing & Sationery | | 42,242.00 |
| deposited with Ranni | | | HO Building | | 169,800.00 |
| SCB LTD | 10,000.00 | | Medical Financial Help | | 100,000.00 |
| Neelakandan Pillai | | | Furniture | | 27,500.00 |
| Memorial Fund | 3,000.00 | | Rent, Rates & Taxes | | 4,000.00 |
| M.C.Gopalakrishna Pillai | | | Election Expenses | | 134,549.00 |
| Endowment deposited | | | Legal Fee | | 14,915.00 |
| with Ranni SCB | 10,000.00 | 48,013.50 | Membership Commission | | 49,025.00 |
| Registration Fees | | | Repair & Maintenance | | 9,400.00 |
| Upasbha Registration | 146,108.00 | | Memorial Expenses | | 5,500.00 |
| Life Members | 445,500.00 | | Audit Fees | | 12,000.00 |
| Patron Members | 7,240.00 | | Bank Charges | | 219.00 |
| Ordinary Members | 57,631.00 | | Annual GB Mtg. Exps | | 408,037.00 |
| Permanent Membes | 39,500.00 | | Anniversary Expenses | | 5,000.00 |
| Mahila Samajam | 1,500.00 | | Advance Refund | | |
| Youth Wing | 750.00 | 698,229.00 | Punalur Madhu | 25,500.00 | |
| Annual Subscription | | | V.S.Vijayan | 41,893.00 | |
| Upa Sabha | 63,920.00 | 63,920.00 | Education Society | 20,000.00 | |
| Loans and Advance | | | Regional Offce | 50,000.00 | 137,393.00 |
| Sony J Kalyan Kumar | 160.00 | | Software Advance | | 20,000.00 |
| P.K.Bhaskaran Pillai | 2,000.00 | 2,160.00 | Closing Balance | | |
| Annual Gen. Body - | | | Cash in Hand | 15,781.00 | |
| Donation, Reg. Fee., etc | | 284,360.00 | Ranni SCB | 560.50 | |
| Medical Help - Donation | | 118,086.00 | Dhanalekshmi Bank | 10,116.40 | |
| Sales of Forms, Scraps | | 9,925.00 | SBT Thottamonkavu | 7,596.00 | |
| Election - Donation | | 97,500.00 | Aclathu Chellappan Pillai | | |
| Interest received | | 1,564.40 | Endowment with Ranni | | |
| from Banks | | | SCB LTD | 10,000.00 | |
| | | | Neelakandan Pillai | | |
| | | | Memorial Fund | 3,000.00 | |
| | | | M.C.Gopalakrishna Pillai | | |
| | | | Endowment deposited | | |
| | | | with Ranni SCB | 10,000.00 | 57,053.90 |
| | | 1,323,757.90 | | | 1,323,757.90 |

President Secretary For K. KANNAN & Co. Treasurer

KANNAN &

## KERALA VELLALA MAHA SABHA
## INCOME & EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2016

| Expenditure | Amount | Income | Amount |
|---|---|---|---|
| Salary & Bonus | 65,000.00 | Sales of forms, scrap.. | 9,925.00 |
| Board Meeting Expenses | 16,415.00 | Medical Help - Donation | 118,086.00 |
| TA to Members/Off.Stf | 848.00 | | |
| Electricity Charges | 2,177.00 | Annual Subscription | |
| Telephone Charges | 2,904.00 | Upasabha | 63,920.00 |
| Postage | 14,780.00 | | |
| Printing & Sationery | 54,306.00 | Interest received | |
| Audit Fee | 12,000.00 | from Banks | 1,564.40 |
| Bank Charges | 219.00 | | |
| Repair & Maintenance | 9,400.00 | Excess of Expenditure | |
| Legal Expenses | 14,915.00 | over Income | 388,242.65 |
| Election Expenses | 37,049.00 | | |
| Rent, Rates & Taxes | 4,000.00 | | |
| Membership Commission | 49,025.00 | | |
| Medical Financial Help | 100,000.00 | | |
| Annual GB Mtg | 123,677.00 | | |
| Anniversary Expenses | 5,000.00 | | |
| Memorial Expenses | 5,500.00 | | |
| Depreciation | 64,523.05 | | |
| | 581,738.05 | | 581,738.05 |

President — Secretary — For K. KANNAN & Co. — Treasurer

KANNAN & CO
KOLLAM

ഉടൻ പ്രവർത്തനം ആരംഭിക്കുന്നു.

മഹാസഭയുടെ മേൽനോട്ടത്തിൽ

# K.V.M.S.
# MARRIAGE BUREAU

# KERALA VELLALA MAHA SABHA
## BALANCE SHEET AS AT 31st MARCH 2016

| Liabilities | | Amount | Assets | | Amount |
|---|---|---|---|---|---|
| **General Fund** | | | **Furniture & Fittings** | | |
| Patron Members | 658,515.00 | | As per last B/S | 35025.48 | |
| Permanent Members | 46,000.00 | | Add: Addition | 27,500.00 | |
| Upasabha | 213,207.00 | | | 62,525.48 | |
| Mahila Samajam | 7,986.06 | | Less: Depreciation | 4,877.55 | 57,647.93 |
| Jilla Samithi | 900.00 | | **Building** | | |
| Youth Wing | 2,471.00 | | As per last B/S | 511,554.98 | |
| Ordinary Members | 198,934.00 | | Add: Addition | 169,800.00 | |
| KVMS New Life | | | | 681,354.98 | |
| Membership | 16,500.00 | | Less: Depreciation | 59,645.50 | 621,709.48 |
| Life Members | | | **Annual Subscription O/S** | | |
| registration | 1,562,220.00 | | Ordinary Members | 16,843.00 | |
| Taluk Union | 1,120.00 | 2,707,853.06 | Upasabha | 18,497.00 | |
| | | | Taluk Union | 50.25 | |
| **Loans and Advances** | | | Youth Wing | 135.00 | 35,525.25 |
| **as per schedule** | | 1,251,886.70 | **Loans, Advances and Deposits** | | |
| KVMS Building Fund | 21,510.00 | | Other Receivables | 11,200.00 | |
| Union Fund | 2,064.00 | 23,574.00 | Contribution to KVMS | | |
| KVMS Working Fund | | 562,720.00 | Educational Society | 416,835.00 | |
| Vidhyabhyasa Nidhi | | 782,692.00 | KVMS High School | 1,674,903.40 | |
| M.C.Gopalakrishna | | | Advance to Reg. Office | 65,430.00 | |
| Pillai Fund | | 10,000.00 | VHSS Vayyattupuzha | 209,644.00 | |
| Neelakanda Pillai | | | VKN High School | 253,522.50 | 2,631,534.90 |
| Memorial Fund | | 3,000.00 | Advance to Software | | 20,000.00 |
| Aclathu Chellappan | | | **General Fund** (Inc. & Exp. A/c) | | |
| Pillai Fund | | 10,000.00 | As per last B/s | 1,540,011.65 | |
| | | | Add: Excess of Expen- | | |
| | | | diture over Income | 388,242.65 | 1,928,254.30 |
| | | | **Cash & Bank Balance** | | |
| | | | Cash in hand | 15,781.00 | |
| | | | Ranni SCB | 560.50 | |
| | | | Dhanalekshmi Bank | 10,116.40 | |
| | | | SBT, Thottamankavu | 7,596.00 | |
| | | | **Endowment Fund** as per last B/S | | |
| | | | Aclathu Chellappan Pillai | 10,000.00 | |
| | | | Neelakandan Pillai Mem. Fund | 3,000.00 | |
| | | | M.C.Gopalakrishna Pillai Endm. | 10,000.00 | 57,053.90 |
| | | 5,351,725.76 | | | 5,351,725.76 |

Note : (1) Dhanalekshmi bank op. balance as per ledger and Pass book Differs
(2) Vouchers are not properly stamped and signed

For K. KANNAN & Co.

President Secretary Treasurer

**Auditors Report**

The above statements has been prepared from the books of accounts produced us subject to Note.

KANNAN & CO
KOLLAM-13

CA K. KANNAN B.Com. FC
M. No. 200592
FRN. 005328S

# KERALA VELLALA MAHA SABHA
## RECEIPT & PAYMENTS ACCOUNT FOR THE YEAR ENDED 31ST MARCH 2017

| Receipts | | Amount | Payments | | Amount |
|---|---|---|---|---|---|
| Opening Balance | | | Salary & Bonus | | 55,000.00 |
| Cash in Hand | 15,781.00 | | Board Meeting Expenses | | 16,939.00 |
| Ranni SCB | 560.50 | | TA to Members/Off.Stf | | 1,215.00 |
| Dhanalekshmi Bank | 10,116.40 | | Electricity Charges | | 3,177.00 |
| SBT Thottamonkavu | 7,596.00 | | Telephone Charges | | 4,491.00 |
| Aclathu Chellappan | | | Postage | | 15,721.00 |
| Pillai Endowment | | | Printing & Sationery | | 70,657.00 |
| deposited with Ranni | | | Annual Return filing fee | | 55,800.00 |
| SCB LTD | 10,000.00 | | Dharna Expenses | | 5,800.00 |
| Neelakandan Pillai | | | Rent, Rates & Taxes | | 55,037.00 |
| Memorial Fund | 3,000.00 | | Election Expenses | | 172,233.00 |
| M.C.Gopalakrishna Pillai | | | Legal Fee | | 40,000.00 |
| Endowment deposited | | | Membership Commission | | 1,090.00 |
| with Ranni SCB | 10,000.00 | 57,053.90 | Repair & Maintenance | | 1,500.00 |
| | | | Audit Fees | | 11,170.00 |
| Registration Fees | | | Bank Charges | | 115.00 |
| Upasbha Registration | 4,800.00 | | Reg. Off. Inaug: Exp's | | 11,000.00 |
| Life Members | 961,500.00 | | MP Laid Fund Reg'n: | | 9,500.00 |
| Patron Members | 9,925.00 | | Advance Refund | | |
| Ordinary Members | 106,268.00 | | Punalur Madhu | 40,958.00 | |
| Permanent Members | 5,000.00 | | V.S.Vijayan | 100,000.00 | |
| Mahila Samajam | 2,750.00 | | C.P.Vijayan | 12,000.00 | |
| Youth Wing | 1,000.00 | | P A Chandrappan Pillai | 29,710.00 | |
| Union Fund | 250.00 | 1,091,493.00 | S.C.Pillai | 21,000.00 | |
| | | | Secretary, Thodupuzha | 10,920.00 | |
| Annual Subscription | | | P K Bhaskaran Pillai | 2,000.00 | |
| Upa Sabha | 28,650.00 | 28,650.00 | R.Padmanabha Pillai | 14,791.00 | |
| | | | Education Society | 24,000.00 | 255,379.00 |
| Loans and Advance | | | Closing Balance | | |
| Sony J Kalyan Kumar | 5,000.00 | 5,000.00 | Cash in Hand | 57,878.00 | |
| | | | Ranni SCB | 2,954.50 | |
| | | | Dhanalekshmi Bank | 3,428.00 | |
| | | | SBT Thottamonkavu | 406,771.00 | |
| | | | Aclathu Chellappan | | |
| Medical Help - Donation | | 3,551.00 | Pillai Endowment | | |
| Sales of Forms, Scraps | | 7,415.00 | deposited with Ranni SCB LTD | 10,000.00 | |
| Election - Donation | | 82,500.00 | Neelakandan Pillai Memo. Fund | 3,000.00 | |
| Interest received | | 4,193.00 | M.C.Gopalakrishna Pillai | | |
| from Banks | | | End. deposited with Ranni SCB | 10,000.00 | 494,031.90 |
| | | 1,279,855.90 | | | 1,279,855.90 |

President

Secretary

For K. KANNAN & Co.

Treasurer

KANNAN & CO KOLLAM-13

CA K. KANNAN B.Com. FC
M. No. 200592
FRN. 005328S

## KERALA VELLALA MAHA SABHA
## INCOME & EXPENDITURE ACCOUNT FOR THE YEAR ENDED 31ST MARCH 2017

| Expenditure | Amount | Income | Amount |
|---|---|---|---|
| Salary & Bonus | 55,000.00 | Sales of forms, scrap.. | 7,415.00 |
| Board Meeting Expenses | 16,939.00 | Medical Help - Donation | 3,551.00 |
| TA to Members/Off.Stf | 1,215.00 | | |
| Electricity Charges | 3,177.00 | Annual Subscription | |
| Telephone Charges | 4,491.00 | Upasabha | 28,650.00 |
| Postage | 15,721.00 | | |
| Printing & Sationery | 70,657.00 | Interest received | |
| Audit Fee | 11,170.00 | from Banks | 4,193.00 |
| Bank Charges | 115.00 | | |
| Repair & Maintenance | 1,500.00 | Excess of Expenditure | |
| Legal Expenses | 40,000.00 | over Income | 492,071.74 |
| Election Expenses | 89,733.00 | | |
| Rent, Rates & Taxes | 55,037.00 | | |
| Membership Commission | 1,090.00 | | |
| Dharna Expenses | 5,800.00 | | |
| Annual Return Filing Fee | 55,800.00 | | |
| Reg. Office Inauguration | 11,000.00 | | |
| MP Laid Fund Regn. Fee | 9,500.00 | | |
| Software Expenses | 20,000.00 | | |
| Depreciation | 67,935.74 | | |
| | 535,880.74 | | 535880.74 |

President

Secretary

For K. KANNAN & Co.

Treasurer

KANNAN & CO

CA K. KANNAN B.Com. FC

## KERALA VELLALA MAHA SABHA SCHEDULE TO BALANCE SHEET - FY 2016-2017

| Sl. No. | Particulars | Amount |
|---|---|---|
| | **Schedule I - General Fund** | |
| 1 | Jilla Samithi | 900.00 |
| 2 | KVMS New Life Membership | 16,500.00 |
| 3 | Life Members registration | 2,523,720.00 |
| 4 | Mahila Samajam | 10,736.06 |
| 5 | Ordinary Members | 305,202.00 |
| 6 | Patron Members | 668,440.00 |
| 7 | Permanent Members | 51,000.00 |
| 8 | Taluk Union | 1,120.00 |
| 9 | Upasabha | 218,007.00 |
| 10 | Youth Wing | 3,471.00 |
| | | 3,799,096.06 |
| | **Schedule II - Advances & Deposits** | |
| 1 | KVMS Education Society | 440,835.00 |
| 2 | KVMS High School | 1,674,903.40 |
| 3 | Other Receivables | 11,200.00 |
| 4 | Regional Office | 65,430.00 |
| 5 | VHSS Vayyattupuzha | 209,644.00 |
| 6 | VKNM High School | 253,522.50 |
| | | 2,655,534.90 |
| | **Schedule III - Fund deposited in SCB, Ranni** | |
| 1 | Aclathu Chellappan Pillai Endowment | 10,000.00 |
| 2 | M.C.Gopalakrishna Pillai Endowment | 10,000.00 |
| 3 | Neelakandan Pillai Memorial Fund | 3,000.00 |
| | | 23,000.00 |
| | **Schedule IV - Cash & Bank Balance** | |
| 1 | Cash in Hand | 57,878.00 |
| 2 | Ranni SCB | 2,954.50 |
| 3 | Dhanalekshmi Bank | 3,428.40 |
| 4 | SBT, Thottamankavu | 406,771.00 |
| | | 471,031.90 |

# KERALA VELLALA MAHA SABHA
## BALANCE SHEET AS AT 31st MARCH 2017

| Liabilities | Amount | Assets | | Amount |
|---|---|---|---|---|
| **General Fund** | | **Furniture & Fittings** | | |
| as per Schedule I | 3799096.06 | As per last B/S | 57,647.93 | |
| | | Less: Depreciation | 5,764.79 | 51,883.14 |
| Loans and Advances | | | | |
| as per schedule V | 1,025,507.70 | Building | | |
| | | As per last B/S | 621,709.48 | |
| KVMS Building Fund | 21,510.00 | Less: Depreciation | 62,170.95 | 559,538.53 |
| Union Fund | 2,314.00 | | | |
| KVMS Working Fund | 562,720.00 | Annual Subscription O/S | | |
| Vidhyabhyasa Nidhi | 782,692.00 | Ordinary Members | 16,843.00 | |
| M.C.Gopalakrishna | | Upasabha | 18,497.00 | |
| Pillai Fund | 10,000.00 | Taluk Union | 50.25 | |
| Neelakanda Pillai | | Youth Wing | 135.00 | 35,525.25 |
| Memorial Fund | 3,000.00 | | | |
| Aclathu Chellappan | | **Loans, Advances** | | |
| Pillai Fund | 10,000.00 | **and Deposits** | | |
| | | as per Schedule II | | 2,655,534.90 |
| | | **General Fund** | | |
| | | (Income & Exp. A/c) | | |
| | | As per last B/S | 1,928,254.30 | |
| | | Add: Excess of Expen- | | |
| | | diture over Income | 492,071.74 | 2,420,326.04 |
| | | Fund Deposited in Ranni | | |
| | | SCB as per Sch: III | | 23,000.00 |
| | | Cash and Bank Balance | | |
| | | as per Sch: IV | | 471,031.90 |
| | 6216839.76 | | | 6,216,839.76 |

KANNAN & CO ★ KOLLAM-13 ★ CHARTERED ACCOUNTANTS

Note : As per our report of even date

President | Secretary | Treasurer

For K. KANNAN & Co.

CA K. KANNAN B.Com. FC
M. No. 200592
FRN. 005328S

## KERALA VELLALA MAHA SABHA
## Schedule to Loans & Advances: 2015-2016

| Sl. No. | Name of the Party | Amount |
|---|---|---|
| 1 | Secretary, Thodupuzha | 10,920.00 |
| 2 | R.Padmanabha Pillai | 22,870.00 |
| 3 | M.C.Gopalakrishna Pillai | 10,000.00 |
| 4 | N.K.Sivan Pillai | 12,000.00 |
| 5 | C.P.Vijayan Pillai | 12,000.00 |
| 6 | S.C.Pillai | 21,000.00 |
| 7 | C.S.Sreekumar | 16,000.00 |
| 8 | P.N.Rajeev | 15,000.00 |
| 9 | P.K.Parameswaran Pillai | 5,000.00 |
| 10 | P.M.Rajappan Pillai | 20,000.00 |
| 11 | Maniyan Pillai | 15,000.00 |
| 12 | C.Hari Sankar | 20,000.00 |
| 13 | P.V.Raman Pillai | 33,000.00 |
| 14 | Seva samithi | 77,000.00 |
| 15 | Vellala Sangamam Fund 95 | 20,000.00 |
| 16 | Welfare Fund | 10,239.00 |
| 17 | K.P.Rajendran Pillai | 20,000.00 |
| 18 | V.S.Vijayan | 102,310.00 |
| 19 | Girija Surendran Pillai | 20,000.00 |
| 20 | T.Vijayammal | 28,500.00 |
| 21 | M N Manohar | 40,974.00 |
| 22 | M P Sivasankara Pillai | 30,000.00 |
| 23 | M N Gopinatha Pillai | 30,000.00 |
| 24 | V A Narayana Pillai | 12,000.00 |
| 25 | Balakrishna Pillai | 4,700.00 |
| 26 | N T Pillai | 32,000.00 |
| 27 | V Suresh Kumar | -1,734.30 |
| 28 | P A Chandrappan Pillai | 24,460.00 |
| 29 | V Surendran Pillai | 252,500.00 |
| 30 | P V Pushpangathan Pillai | 87,064.00 |
| 31 | Chandrappan Pillai | 5,250.00 |
| 32 | Sony J Kalyan Kumar | -1,864.00 |
| 33 | Kumari Karukattu | 82,500.00 |
| 34 | T N Raghavan Pillai | 21,000.00 |
| 35 | Punalur Madhu | 36,198.00 |
| 36 | K A Sivalingam Pillai | 14,000.00 |
| 37 | Radhakrishna Pillai | 75,000.00 |
| 38 | Presidents Advance | 15,000.00 |
| 39 | P K Bhaskaran Pillai | 2,000.00 |
| | | 1,251,886.70 |

## KERALA VELLALA MAHA SABHA
## Schedule to Loans & Advances: 2016-2017

| Sl. No. | Name of the Party | Amount |
|---|---|---|
| 1 | Balakrishna Pillai | 4,700.00 |
| 2 | Girija Surendran Pillai | 20,000.00 |
| 3 | Gopalakrishna Pillai M C | 10,000.00 |
| 4 | Gopinatha Pillai M N | 30,000.00 |
| 5 | Hari Sankar C | 20,000.00 |
| 6 | Kumari Karukattu | 82,500.00 |
| 7 | Maniyan Pillai | 15,000.00 |
| 8 | Manohar M N | 40,974.00 |
| 9 | Narayana Pillai V A | 12,000.00 |
| 10 | Padmanabha Pillai R | 8,079.00 |
| 11 | Parameswaran Pillai P K | 5,000.00 |
| 12 | Pillai N T | 32,000.00 |
| 13 | Punalur Madhu | 10,240.00 |
| 14 | Pushpangathan Pillai P V | 87,064.00 |
| 15 | Radhakrishna Pillai | 75,000.00 |
| 16 | Raghavan Pillai T N | 21,000.00 |
| 17 | Rajappan Pillai P M | 20,000.00 |
| 18 | Rajeev P N | 15,000.00 |
| 19 | Rajendran Pillai K P | 20,000.00 |
| 20 | Raman Pillai P V | 33,000.00 |
| 21 | Seva Samithi | 77,000.00 |
| 22 | Sivalingam Pillai K A | 14,000.00 |
| 23 | Sivan Pillai N K | 12,000.00 |
| 24 | Sivasankara Pillai M P | 30,000.00 |
| 25 | Sony J Kalyan Kumar | 3,136.00 |
| 26 | Sreekumar C S | 16,000.00 |
| 27 | Surendran Pillai V | 252,500.00 |
| 28 | Suresh Kumar V | -1,734.30 |
| 29 | Vellala Sangamam Fund 95 | 20,000.00 |
| 30 | Vijayammal T | 28,500.00 |
| 31 | Vijayan V S | 2,310.00 |
| 32 | Welfare Fund | 10,239.00 |
| | | 1,025,507.70 |

KANNAN & CO
KOLLAM-13
CHARTERED ACCOUNTANTS